ഉത്തരം

(എ, ബി) ഗ്രാമപ്രദേശങ്ങളിലേക്ക് അനുയോജ്യമായ സംവിധാനം സഹകരണ മാവേലി സ്റ്റോറുകളാണ്. ഇവിടെ ഇപ്പോഴത്തന്നെ ഒരു സഹകരണ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തു പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കരവാരം പഞ്ചായത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

പുളിമാത്ത് പഞ്ചായത്തിൽ മാവേലി സ്റ്റോർ

1243. [1857] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) പഞ്ചായത്ത് പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ പുളിമാത്ത് പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

പഴയകുന്നുമ്മേൽ പഞ്ചായത്തിൽ മാവേലി സ്റ്റോർ

1244. [1858] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഗ്രാമ പ്രദേശങ്ങളിലേക്ക് അനുയോജ്യമായ സംവിധാനം സഹകരണ മാവേലി സ്റ്റോറുകളാണ്. ഇവിടെ ഇപ്പോഴത്തന്നെ ഒരു സഹകരണ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly